ലഭിച്ചിട്ടുണ്ട്. ഡാമുകൾ ഡീസിൽറ്റ് ചെയ്ത് ചെളിയും മണലും വിറ്റതിലൂടെ 2009-10 സാമ്പത്തിക വർഷത്തിൽ 56.22 ലക്ഷം രൂപയും 2010-11 സാമ്പത്തിക വർഷത്തിൽ 896.87 ലക്ഷം രൂപയും സ്വരൂപിച്ചിട്ടുണ്ട്. ആധാരങ്ങളിൽ വിലകുറച്ച് വച്ചതുമായി ബന്ധപ്പെട്ട സ്റ്റാമ്പ് ഡ്യൂട്ടികേസുകളുടെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി പ്രകാരം 2009-10 സാമ്പത്തിക വർഷം 63.77 കോടി രൂപയും 2010-11 സാമ്പത്തിക വർഷം 9-7-2010 വരെ 1.57 കോടി രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്. മറ്റ് അധിക വിഭവ സമാഹരണ മാർഗ്ഗങ്ങളിൽ നിന്നും ഉണ്ടായ വരുമാനത്തെപ്പറ്റിയുള്ള വിവരം ശേഖരിച്ച് വരുന്നു.

സർക്കാർ നിയന്ത്രണത്തിൽ മണൽ ഖനനം

131 (T5836) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഡാമുകളിൽ നിന്നുള്ള മണൽ ഖനനംവഴി ലഭിച്ച വരുമാനത്തിൽ നിന്ന് അതാതു ജില്ലകളിലെ വികസന പ്രവർത്തനത്തിനായി തുക നീക്കിവെച്ചിട്ടുണ്ടോ ; എങ്കിൽ പാലക്കാട് ജില്ലയ്ക്കായി എന്തു തുക നീക്കിവെച്ചിട്ടുണ്ട് എന്നറിയിക്കുമോ ?

ഉത്തരം

ഡാമുകളുടെ ഡീസിൽറ്റേഷനിലൂടെ ലഭിക്കുന്ന വരുമാനത്തിൽനിന്ന് ജില്ലകളിലെ വികസന പ്രവർത്തനത്തിനായി പ്രത്യേക തുക നീക്കിവയ്ക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ അത്തരം ജില്ലകൾക്ക് പ്രത്യേക പാക്കേജ് തയ്യാറാക്കാൻ ഉദ്ദേശമുണ്ട്.

മാന്ദ്യ വിരുദ്ധ പാക്കേജ്

132 (5837) പ്രൊഫ. എൻ. ജയരാജ് :
ശ്രീ. തോമസ് ഉണ്ണിയാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ എത്ര പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു ;

(ബി) പ്രസ്തുത പദ്ധതിയിലുൾപ്പെട്ട നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) മാന്ദ്യവിരുദ്ധ പാക്കേജ് പ്രകാരം പൊതുമരാമത്ത് വകുപ്പിൽ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ 14 പ്രവർത്തികൾ ഇതിനകം പൂർത്തീകരിച്ചുകഴിഞ്ഞു. ടി പാക്കേജിൽ ഉൾപ്പെടുത്തി ടൂറിസം പ്രാധാന്യമുള്ള 20 റോഡുകൾ നവീകരിക്കാൻ സംസ്ഥാന ബഡ്ജറ്റിൽ 52 കോടി രൂപ അനുവദിക്കുകയും അതനുസരിച്ച് പ്രവർത്തി ആരംഭിക്കുന്നതിന് ഭരണാനുമതി

LIBRARY ARCHIVES Kerala Legislative Assembly

നൽകുകയും ചെയ്തിട്ടുണ്ട്. ടെൻഡർ നടപടികൾ പൂർത്തിയായി റോഡ് പണി ആരംഭിക്കുന്നതിനുള്ള നടപടി ആയിട്ടുണ്ട്. ജലവിഭവ വകുപ്പിന്റെ കീഴിൽ കേരള വാട്ടർ അതോറിറ്റിയിൽ 2009-10-ലെ മാന്ദ്യ' വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 4 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഒരു പദ്ധതി ഭാഗിക മായി പൂർത്തീകരിച്ച് കമ്മീഷൻ ചെയ്തു. പദ്ധതികൾ താഴെ പറയുന്നവയാണ് :

(1) നഗരശുദ്ധജല വിതരണ പദ്ധതികളുടെ പൂർത്തീകരണം.

(a) ചേലക്കര ശുദ്ധജല വിതരണ പദ്ധതി

(b) പാലക്കാട് ശുദ്ധജല വിതരണ പദ്ധതിയുടെ വിപുലീകരണം (ഭാഗികമായി കമ്മീഷൻ ചെയ്തു)

(c) തിരുവനന്തപുരം ഇടക്കാല വിപുലീകരണം ശുദ്ധജല വിതരണ പദ്ധതിയിൽ ഉൾപ്പെട്ട മൺവിള ടാങ്കിന്റെ പണികൾ പൂർത്തിയായി. ട്രയൽ റണ്ണിംഗ് നടന്നു വരുന്നു.

(2) നിലവിലുള്ള ജല ശുദ്ധീകരണശാലകളുടെ പുനരുദ്ധാരണം

(a) കാസർഗോഡ് മുനിസിപ്പാലിറ്റിയുടെ ജലശുദ്ധീകരണശാല

(b) തൊടുപുഴയിലെ മറയൂർ ജലശുദ്ധീകരണശാല തുടങ്ങിയവ പൂർത്തി യായിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ കാവേരി സെല്ലിന് കീഴിൽ മലബാർ പാക്കേജിൽ ഉൾപ്പെടുത്തി കുറ്റ്യാടി പദ്ധതിയിൽ പ്രവർത്തികൾ നടന്നുവരുന്നു.

ജലവിഭവ വകുപ്പിന്റെ മൈനർ ഇറിഗേഷന് കീഴിൽ ടി പദ്ധതിയിൽ ഉൾപ്പെ ടുത്തി ഭരണാനുമതി നൽകിയ 2 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു. ജല വിഭവ വകുപ്പിന്റെ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷന് കീഴിൽ മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ 23 പദ്ധതികൾ പൂർത്തീകരിച്ചു കഴിഞ്ഞു.

(ബി) പൊതുമരാമത്ത് വകുപ്പിന്റെ നിരത്തുകളും പാലങ്ങളും വിഭാഗത്തിന് കീഴിൽ മാന്ദ്യ വിരുദ്ധ പാക്കേജുകളിൽ ഉൾപ്പെടുത്തി 907 നിരത്തുകളുടേയും 160 പാലങ്ങളുടേയും ഉൾപ്പെടെ 1067 പ്രവർത്തികളാണ് നിരത്തുകളും പാലങ്ങളും വിഭാഗത്തിന് അനുവദിച്ചിട്ടുള്ളത്. ഇതിൽ 8 പ്രവർത്തികൾ പിന്നീട് RBDCK ഏൽപ്പിച്ചതും 28 പ്രവർത്തികൾ ലിസ്റ്റിൽനിന്നും ഒഴിവാക്കിയതും ഒഴിച്ചുള്ള 1031 പ്രവർത്തികളിൽ 36 എണ്ണത്തിന് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ ആവശ്യമായതും 104 പ്രവർത്തികൾ വിവിധ കാരണങ്ങളാൽ ആരംഭിക്കുന്നതിന് താമസം നേരിട്ടിട്ടുള്ളതും ബാക്കി മുഴുവൻ പ്രവർത്തികളും പ്രവർത്തി പഥത്തിലുമാണ്. 68 പ്രവർത്തികളുടെ (പ്രധാന പാലങ്ങളും മറ്റും) പ്രാരംഭ ഇൻവെസ്റ്റിഗേഷൻ നടന്നുവരുന്നു. മേൽപ്പറഞ്ഞ പ്രവർത്തികൾ എല്ലാം തന്നെ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് ജില്ലാതലത്തിലും സർക്കിൾ

LIBRARY ARCHIVES Kerala Legislative Assembly

തലത്തിലും സംസ്ഥാന തലത്തിലും മാസംതോറും പ്രവർത്തികൾ വിശകലനം ചെയ്യുന്ന യോഗങ്ങൾ നടത്തുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൂടാതെ ചീഫ് എൻജിനീയർ ഓഫീസിലെ പ്ലാനിംഗ് വിഭാഗത്തിൽ ജോലി ചെയ്യുന്ന എക്സിക്യൂട്ടീവ് എൻജിനീയർമാരെ വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും മോണിറ്റർ ചെയ്യുന്നതിനുമായി പ്രത്യേകം നിയോഗിച്ചിട്ടുണ്ട്.

പൊതുമരാമത്ത് വകുപ്പിന്റെ കെട്ടിട വിഭാഗത്തിന് കീഴിൽ നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന് മുമ്പായി ആർക്കിടെക്ചറൽ ഡ്രോയിംഗ്, മണ്ണ് പരിശോധനയ്ക്കുശേഷം സ്ട്രക്ചറൽ ഡ്രോയിംഗ് എന്നിവ ലഭിച്ചതിനുശേഷം വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുകയും തുടർന്ന് ടെൻഡർ ചെയ്ത് ബന്ധപ്പെട്ട അധികാരികളിൽനിന്നും ടെൻഡറിന് അംഗീകാരം ലഭിച്ചതിനുശേഷം മാത്രമാണ് എഗ്രിമെന്റ് വച്ച് പ്രവർത്തി ആരംഭിക്കാറുള്ളത്. മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി കെട്ടിട വിഭാഗത്തിന് 244 പ്രവർത്തികൾക്ക് ഭരണാനുമതി നൽകുകയുണ്ടായി. പ്രസ്തുത പ്രവർത്തികൾ സമയബന്ധിതമായി ആരംഭിക്കുവാനും പൂർത്തീകരിക്കുവാനും സാധാരണയായ രീതിയിൽ കാലതാമസം ഉണ്ടാകാതിരിക്കുന്നതിനായി ആർക്കിടെക്ചറൽ വിംഗ്, ഡിസൈൻ വിംഗ് എന്നിവയ്ക്ക് പുറമേ സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും സർക്കാർ എൻജിനീയറിംഗ് കോളേജിൽ നിന്നും LBS-ൽ നിറഞ്ഞതും അത്യാവശ്യമുള്ളതുമായ ആർക്കിടെക്ചറൽ ഡ്രോയിംഗ്, മണ്ണ് പരിശോധന, സ്ട്രക്ചറൽ ഡ്രോയിംഗ് തുടങ്ങിയവ നടത്തുവാൻ അംഗീകാരം നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം നിർമ്മാണ പ്രവർത്തികൾ സമയബന്ധിതമായി ആരംഭിക്കുവാനും പൂർത്തീകരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുകൂട്ടി ഇത് സംബന്ധിച്ച് ചർച്ച ചെയ്യുകയും പണി സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

ജലവിഭവ വകുപ്പിൽ കേരള വാട്ടർ അതോറിറ്റിക്ക് കീഴിൽ നബാർഡിന്റെ ധനസഹായത്തോടെയുള്ള പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുവേണ്ടി പദ്ധതി ഘടകങ്ങൾ യുക്തമായ രീതിയിൽ പാക്കേജുകളാക്കി 1.5 കോടിയിൽ കൂടുതൽ അടങ്കൽ തുകയുള്ളവ ടെൻഡർ ചെയ്യുന്നതിന് ഇ-ടെൻഡർ സംവിധാനം സ്വീകരിച്ചു. ടെൻഡറുകൾ വേഗം തീർപ്പാക്കുന്നതിന് അതോറിറ്റി മേഖലാ ചീഫ് എൻജിനീയർ തലത്തിലും ഹെഡ് ഓഫീസ് തലത്തിലും ടെക്നിക്കൽ കമ്മിറ്റികൾ രൂപീകരിക്കുകയും സർക്കാർ തലത്തിൽ എംപവേർഡ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ, പ്രത്യേക മോണിറ്ററിംഗ് കമ്മിറ്റി അതോറിറ്റി ഹെഡ് ഓഫീസ് തലത്തിൽ രൂപീകരിക്കുകയും എല്ലാ മാസവും വകുപ്പുതലത്തിൽ പദ്ധതി പുരോഗതി അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. മാന്ദ്യ വിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തിയ പദ്ധതിയിൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി നബാർഡ് (സ്പാൻ) പദ്ധതികളിൽ നടപ്പിലാക്കിയതുപോലുള്ള മേൽപ്പറഞ്ഞ ഫാസ്റ്റ്ട്രാക് രീതി സ്വീകരിച്ചു വരുന്നു. പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി പുരോഗമിക്കുന്നു. മാന്ദ്യ വിരുദ്ധ പാക്കേജിലെ പുതിയ മൂലധന പദ്ധതിയിൽ ഉൾപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

പാറശ്ശാലയും സമീപ പഞ്ചായത്തുകൾക്കും വേണ്ടിയുള്ള പദ്ധതിയും കുമരകം തിരുവാർപ്പ് ശുദ്ധജല വിപുലീകരണ പദ്ധതിയും നിലവിലുള്ള 6 ശുദ്ധജല വിതരണ പദ്ധതികളുടെ പഴയ പൈപ്പുകൾ മാറ്റി സ്ഥാപിക്കുന്ന പ്രവർത്തിയും സർക്കാർ തലത്തിൽ പ്രത്യേക അവലോകനത്തിന് വിധേയമാക്കേണ്ട പദ്ധതികളിൽ ഉൾപ്പെട്ടിട്ടുണ്ട്.

ജലവിഭവ വകുപ്പിന്റെ മൈനർ ഇറിഗേഷന് കീഴിൽ പണികൾ സമയ ബന്ധിതമായി തീർക്കുവാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിച്ചു കഴിഞ്ഞു. ഇൻവെസ്റ്റിഗേഷൻ ആവശ്യമായ പ്രവർത്തികൾ ഇൻവെസ്റ്റിഗേഷൻ പൂർത്തീകരിച്ച രൂപരേഖ അംഗീകരിച്ച ശേഷം മാത്രമേ പണി ആരംഭിക്കുവാൻ സാധിക്കുകയുള്ളൂ. ഇൻവെസ്റ്റിഗേഷൻ ആവശ്യമില്ലാത്ത എല്ലാ പ്രവർത്തികളും ഇൻവെസ്റ്റിഗേഷൻ ആവശ്യമായ പദ്ധതികളുടെ ഇൻവെസ്റ്റിഗേഷൻ പണികളും ആരംഭിച്ചു കഴിഞ്ഞു.

ജലവിഭവ വകുപ്പിന്റെ കാവേരി സെല്ലിന് കീഴിൽ മലബാർ പാക്കേജിലെ പ്രവർത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചു വരുന്നു. ജലവിഭവ വകുപ്പിന്റെ ഇറിഗേഷൻ ആന്റ് അഡ്മിനിസ്ട്രേഷനുകീഴിൽ ലിഫ്റ്റ് ഇറിഗേഷൻ പണികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ചീഫ് എൻജിനീയർ ഓഫീസിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഇത് കൂടാതെ എറണാകുളം ജില്ലയിലെ നവീകരണം നടപ്പിലാക്കുന്ന ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികൾ കേന്ദ്രീകരിച്ച് ജനകീയ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്.

വിഷൻ 2010 പ്രകാരം വടകര മണ്ഡലത്തിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾ

133 (5838) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഷൻ 2010 പ്രകാരം വടകര മണ്ഡലത്തിലെ ഒരു കോടി രൂപാ വികസന ഫണ്ടിൽ നിന്ന് നടപ്പിലാക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിർദ്ദേശിക്കപ്പെട്ടത് ; അവയിൽ ഏതൊക്കെ പദ്ധതികൾ സർക്കാർ അംഗീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ഫണ്ടിൽ നിന്ന് വടകര മുനിസിപ്പാലിറ്റിയിലെ പാക്കയിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട പദ്ധതിയുടെ ഇപ്പോഴത്തെ നില എന്താണെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) വിഷൻ 2010 പദ്ധതി പ്രകാരം പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വടകര മണ്ഡലത്തിൽ വില്യാപ്പള്ളി - കാർത്തികപ്പള്ളി ഓർക്കാട്ടേരി റോഡ് അഭിവൃദ്ധിപ്പെടുത്തൽ എന്ന പദ്ധതിക്ക് G.O.(Rt) No.304/2008/PWD Dtd. 12-3-2008 പ്രകാരം 100 ലക്ഷം രൂപയുടെ അംഗീകാരം നൽകിയിട്ടുണ്ട്. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു. * ഓർക്കാട്ടേരി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly